# GOVERNMENT OF KERALA

## Abstract

Electronics & Information Technology Department–Procurement of Vconsol Video Conferencing Platform of M/s Techgentsia Software Technologies Private Limited, Infopark, Alapuzha, Kerala for use by State Government – Sanction accorded - Orders issued.

**ELECTRONICS & INFORMATION TECHNOLOGY(IT-CELL) DEPARTMENT**

G.O.(Ms)No.11/2022/ITD Dated,Thiruvananthapuram, 04-04-2022

Read 1 Proposal dated 28.05.2021 and 14.07.2021 from the Chief Executive Officer, M/s.Techgentsia Software Technologies Pvt.Ltd, Infopark, Cherthala.

2 G.O(Rt)No.188/2021/ITD dated 08.12.2021

## ORDER

The offices in State Government have been using different platforms with limited use cases for Video conferencing such as Google Meet, Microsoft Team, Zoom etc. Certain Government entities have been utilising available free of cost VC facilities whereas it has been found that proprietary applications have been procured by few organisations for VC facilities which have raised concerns for security as well as for wastage of resources in terms of multiple licenses being purchased by various Department / offices for managing the Video Conferences. In the past few years, the Video Conferencing has become integratal and vital for the administration and it is necessary to provide for a common VC infrastructure which is secured and is hosted within our infrastructure of State Data Centre.

2. The Chief Executive Officer, M/s.Techgentsia Software Technologies Pvt.Ltd, Infopark, Cherthala, Alapuzha as per letter read above has submitted a proposal offering the technology solution:- Vconsol Video Conference platform for use by Government of Kerala. The product 'Vconsol' is the recipient of India Innovation Challenge Award for Development of Video Conferencing Platform conducted by the Ministry of Electronics & Information Technology, Government of India. The innovative product is currently being maintained and branded as BharatVC for Government of India by National Informatics Centre (NIC) and is extensively used by Ministries and other organizations under Government of India.
3. Technical advantages of Vconsol platform have been evaluated and are summarized as below:

- Control over data & communication**:-** The licensee to have total control over the data and privacy of every communication on this VC.

- AES 128 GCM encryption offers a secure & private environment for classified discussions making deliberations highly secure & private.
- Extensive user data analytics & monitoring:- The extensive statistics from the back end can be analysed by the senior officials so that the Government machinery can be monitored effectively which is not possible with cloud based solutions.
- Infinitely scalable solution:- The basic model itself have a support of 250 participants and Vconsol would be offering perpetual license for unlimited users.
- Supports existing VC infrastructure:- The technology supports all the high-end devices like Polycom and Cisco which is available in the inventory of the licensees many of which cannot be used with cloud based solutions.
- Extensive analytics and reports regarding the meetings:- It is possible to get comprehensive information regarding the nature of meetings happening on the platform.
- Ideal for low bandwidth scenarios:- MCU based technology of Vconsol helps in conducting video conferences even at low bandwidth scenarios.
- Integration with existing e-Governance infrastructure:- Easily blends into the existing e-governance infrastructure and enables smooth and efficient operations.

4. The conditions put forth by M/s Techgentsia for adopting Vconsol as the official video conferencing platform of Government of Kerala are as follows:

- The technology platform to be provided by M/s Techgentsia for a closed video conferencing system to meet the requirements of Kerala Government Departments, PSUs, Government owned entities including educational institutions.
- M/s Techgentsia Software Technologies Private Limited to retain the legal obligation that of technology provider for technical Support and maintenance, software updates, and unlimited license options for Government.
- Dedicated servers for Cabinet meeting, Meetings of Hon'ble Chief Minister etc.
- M/s Techgentsia to make the product rights secure and safe under the sole ownership of the Kerala Government.
- M/s Techgentsia to provide the unlimited licenses of Vconsol, customize the product and white label as per the guidance from Government of Kerala.
- The State Government to decide branding the product as KeralaVC or any label in the domain name for the video conferencing platform owned by State with Malayalam as its default language.
- The Government of Kerala is to mandate the use of Vconsol in all the Departments, entities and PSUs to ensure that meetings are conducted on KeralaVC.
- Department of Electronics & IT in Government of Kerala be the direct service provider for all services including the hardware infrastructure compatible for the software as per the requirements -Cloud or Data Centre, and to provide the Data

Centre or Cloud Infrastructure & other hardware infrastructure to run the platform. The cost on the infrastructure is to be borne by the Government of Kerala.

- Account creation and management can be done as per the request from the permitted user agencies of State Government.
- Kerala State IT Mission to be the Nodal agency for implementation of the KeralaVC program

5. The VConsol platform would cost around ₹ 42 crores to the Government as one time license cost for 10000 participants if procured on commercial terms.The Compensation sought for by M/s Techgentsia for their offer for perpetual license to the State Government is to provide them 15000 Sq ft rent free functional space for their use (7500 Sq ft each at Infopark at Kochi and Cherthala). The cost of annual rent to Infopark would be paid by Government of Kerala as annual rental costs at ₹.79,81,200/. The existing rental rate of these spaces is as follows:

i. For 7500 Sq ft space at Infopark phase II, Kochi- warm Shell - ₹39,60,000/- (Annually)
ii. For 7500 Sq ft space at Infopark Cherthala -plug and play - ₹40,21,200/- (Annually)

Total- ₹ 79,81,200/-(Annually)

6. As per Government Order read above, a Committee was constituted with Additional Chief Secretary (Finance) as Chairman and Principal Secretary(Electronics & Information Technology Department), Principal Secretary (GAD), Vice Chancellor, Digital University Kerala as Members and Director, Kerala State IT Mission as Convener. The meeting of the committee was convened on 22.01.2022 to discuss the financial and technical modalities of the proposal. The following decisions were taken in the meeting.

i. The proposal is found financially and technically advantageous.
ii. The procurement of Vconsol VC platform of M/s Techgentsia is recommended.
iii. Recommended to the proposal for providing to M/s Techgentsia the space requirement of 15000 sqft built up – 7500 sqft in Infopark, Cherthala-(plug and play) and 7500 sqft at Infopark Phase -II in Kochi (warm shell) taking into account that the purchase of the same Vconsol platform directly through GeM would be much higher.
iv. Additional cost of the Hardware for storage – Cloud or physical has to be borne by the State Government.

7. The total financial implication involved for the procurement of Vconsol Video Conferencing platform for a period of 5 years with 5% increase in Annual rent

amount(₹ 79,81,200/-) is ₹ 4,41,01168/-.

8. Government have examined the matter in detail and are pleased to accord sanction to procure Vconsol Video Conferencing Platform for the State of Kerala on following conditions:

i. Vconsol Video Conferencing platform with 10000 concurrent users for a period of 5 years on condition that M/s Techgentsia will be provided with 15000 Sqft rent free functional space for their use (7500 Sqft each at Infopark at Kochi (warm shell) and Cherthala (plug and play)).
ii. The rental cost of ₹ 79,81,200/- per annum for the space to be occupied by M/s Techgentsia shall be paid to Infopark with 5 % increase and the expenditure in this regard shall be met from funds available with Kerala State IT Mission, after ensuring the SLA conditions are met by Techgentsia.
iii. Kerala State IT Mission is entrusted as the Service Provider for the State of Kerala for on boarding the Vconsol platform.
iv. The Director, Kerala State IT Mission is authorized to enter into an agreement with M/s Techgentsia for the procurement and on boarding of Vconsol video conferencing platform.
v. The Chief Executive Officer, Infopark shall enter into a tripartite agreement with M/s Techgentsia and Kerala State IT Mission for providing 15000 sqft space to M/s Techgentsia.
vi. Kerala State IT Mission is to implement the project using "Video Conferencing" project.
vii. The commercial and technical agreements would only be valid for a period of 5 years from the date of issue of this order. Upon completion of the time period, the commercial and technical terms will be evaluated by a similar vetting process for approval of the Government.

A detailed guidelines in this regard to be followed by Departments will be issued subsequently.

(By order of the Governor)
BISHWANATH SINHA
ADDITIONAL CHIEF SECRETARY

To:

The Director, Kerala State IT Mission, Thiruvananthapuram
The Chief Executive Officer, Infopark
The Chief Executive Officer, M/s.Techgentsia Software Technologies Pvt.Ltd, Cherthala.
The Principal Accountant General(Audit) Kerala,Thiruvananthapuram.
The Accountant General(A&E), Kerala, Thiruvananthapuram.
Finance Department

General Administration (SC) Department (Vide Item No.635 dated 30.03.2022)
I & PRD (Web & New Media)
Stock File/ Office Copy

Forwarded /By order
**Signed by Manesh Mohan**
**Date: 04-04-2022 14:21:48**

Section Officer

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-03-2022

ഫയൽ നം. ഐ.ടി.സെൽ-1/65/2021-ഐ.റ്റി.ഡി. ഇനം നം: 635

വിഷയം : വിവര സാങ്കേതിക വിദ്യ വകുപ്പ് - VConsol വീഡിയോ കോൺഫറൻസിംഗ് പ്ലാറ്റ്ഫോം വാങ്ങുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

Immediate

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Go please

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വിവര സാങ്കേതിക വിദ്യ വകുപ്പ്.

3/4

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഐ.ടി.സെൽ-1/65/2021-ഐ.റ്റി.ഡി |
| 2 | വകുപ്പ് | : | വിവര സാങ്കേതിക വിദ്യ (ഐ.ടി സെൽ) വകുപ്പ് |
| 3 | വിഷയം | : | VConsol വീഡിയോ കോൺഫറൻസിംഗ് പ്ലാറ്റ്ഫോം വാങ്ങുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 13.11.2021 |
| 5 (i) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. രാജേഷ് കുമാർ.എം |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16.03.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18.03.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 25.03.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 26.03.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഇൻഫോപാർക്ക് ആസ്ഥാനമായുള്ള ടെക്ജൻഷ്യ സോഫ്റ്റ്‌വെയർ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡിൽ നിന്ന് 'Vconsol' എന്ന പ്രൊപ്രൈറ്ററി വീഡിയോ കോൺഫറൻസിംഗ് പ്ലാറ്റ്ഫോം സംസ്ഥാന സർക്കാരിനായി വാങ്ങുന്നതിന് മന്ത്രിസഭായോഗത്തിന്റെ അനുമതി നേടുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. നിലവിൽ വീഡിയോ കോൺഫറൻസിങ്ങിനായി പരിമിതമായ ഉപയോഗ സാധ്യതയുള്ള ഗൂഗിൾ മീറ്റ്, മൈക്രോസോഫ്റ്റ് ടീംസ്, സൂം തുടങ്ങിയ വ്യത്യസ്ത പ്ലാറ്റ്ഫോമുകൾ സംസ്ഥാന സർക്കാർ ഉപയോഗിച്ചു വരുന്നു. വീഡിയോ കോൺഫറൻസുകൾ കൈകാര്യം ചെയ്യുന്നതിനായി വിവിധ വകുപ്പുകൾ / ഓഫീസുകൾ ഇത്തരത്തിൽ ഒന്നിലധികം ലൈസൻസുകൾ വാങ്ങുന്നതും തെറ്റായി കൈകാര്യം ചെയ്യുന്നതും കാരണം ആശങ്കകൾക്കും വിഭവ ദുർവ്യയത്തിനും കാരണമാകുന്നുണ്ട്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി, വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഭരണ നിർവ്വഹണത്തിന് വളരെ അത്യന്താപേക്ഷിതമാണ്. മാത്രമല്ല, വിവിധ വീഡിയോ കോൺഫറൻസിംഗ് പ്ലാറ്റ്ഫോമുകൾ സുരക്ഷിതമായി ഹോസ്റ്റ് ചെയ്യുന്നതിന് ഡാറ്റാ സെന്ററിനുള്ളിൽ അടിസ്ഥാന സൗകര്യവും ഒരുക്കേണ്ടതുണ്ട്. നിലവിൽ ഉപയോഗിക്കുന്ന സ്വകാര്യ കമ്പനികളുടെ സോഫ്റ്റ്‌വെയറുകളെല്ലാം തന്നെ അവരുടെ സെർവറിൽ നിന്നും നേരിട്ടും പൂർണ്ണമായും ഡാറ്റ പ്രാപ്തമാകുന്നതുമാണ്. എല്ലാ സർക്കാർ വകുപ്പുകൾക്കും പുതിയ വീഡിയോ കോൺഫറൻസിങ്ങ് പ്ലാറ്റ്ഫോം നൽകുകയും നിലവാരമുള്ളതും സുരക്ഷിതവുമായ രീതിയിൽ എല്ലാ വീഡിയോ കോൺഫറൻസുകളും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. Vconsol വിസി പ്ലാറ്റ്ഫോം വാങ്ങിയതിനുശേഷം, പുനർനാമകരണം ചെയ്ത് കേരള വിസി എന്ന് ബ്രാൻഡ് ചെയ്യാവുന്നതുമാണ്.

3. ഭാരത സർക്കാരിന്റെ ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം നടത്തിയ വീഡിയോ കോൺഫറൻസിംഗ് പ്ലാറ്റ്ഫോം വികസനത്തിനായുള്ള ഇന്ത്യ ഇന്നൊവേഷൻ ചലഞ്ച് അവാർഡ് ലഭിച്ച ഉൽപ്പന്നമാണ് Vconsol. ഈ വീഡിയോ കോൺഫറൻസിംഗ് പ്ലാറ്റ്ഫോം നിലവിൽ ഭാരത സർക്കാർ 'ഭാരത് വിസി' എന്ന് ബ്രാൻഡ് ചെയ്യുകയും നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻഐസി) പരിപാലിക്കുകയും ചെയ്തുവരുന്നു. ഇത് ഭാരത സർക്കാരിന്റെ മന്ത്രാലയങ്ങളും മറ്റ് സ്ഥാപനങ്ങളും വ്യാപകമായി ഉപയോഗിച്ചുവരുന്നു.

4. Vconsol പ്ലാറ്റ്ഫോമിന്റെ സാങ്കേതിക ഗുണങ്ങൾ താഴെപ്പറയുന്നവയാണ്:

- **ഡാറ്റയുടേയും ആശയവിനിമയത്തിനും മേലുള്ള നിയന്ത്രണം:-** ഈ വീഡിയോ കോൺഫറൻസിംഗ് പ്ലാറ്റ്ഫോമിൽ നടത്തുന്ന എല്ലാ ആശയവിനിമയങ്ങളുടെയും ഡാറ്റയുടെ സ്വകാര്യതയുടെയും മേൽ പൂർണ്ണ നിയന്ത്രണം ലൈസൻസിക്കുണ്ട്.

- AES 128 GCM എൻക്രിപ്ഷൻ, ചർച്ചകൾ വളരെ സുരക്ഷിതവും സ്വകാര്യവുമാക്കുന്ന ക്ലാസിഫൈഡ് ചർച്ചകൾക്ക് സുരക്ഷിതവും സ്വകാര്യവുമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നു.

- **വിപുലമായ യൂസർ ഡാറ്റ അനലിറ്റിക്സും നിരീക്ഷണവും:-** ബാക്കെൻഡിൽ നിന്നുള്ള വിപുലമായ സ്ഥിതിവിവരക്കണക്കുകൾ മുതിർന്ന ഉദ്യോഗസ്ഥർക്ക് വിശകലനം ചെയ്യാൻ കഴിയുകയും, അതുവഴി സർക്കാർ സംവിധാനത്തെ ഫലപ്രദമായി നിരീക്ഷിക്കാനും കഴിയും. ഇത് ക്ലൗഡ് അധിഷ്ഠിത സൊല്യൂഷനുകളിൽ സാധ്യമല്ല.

- **ഇൻഫിനിറ്റിലി സ്കേലബിൾ സൊല്യൂഷൻ:-** അടിസ്ഥാന മോഡൽ തന്നെ 250 ഉപയോക്താക്കളെ സപ്പോർട്ട് ചെയ്യും. കൂടാതെ VConsol ഉപയോക്തൃ പരിധിയില്ലാത്തെ ഉപയോഗിക്കുന്നതിനുള്ള ശാശ്വതമായ ലൈസൻസ് (perpetual license) വാഗ്ദാനം ചെയ്യുന്നു.

- **നിലവിലുള്ള വിസി ഇൻഫ്രാസ്ട്രക്ചറിനെ പിന്തുണയ്ക്കുന്നു:-** ക്ലൗഡ് അധിഷ്ഠിത സൊല്യൂഷനുകളിൽ ഉപയോഗിക്കാൻ കഴിയാത്തതും ലൈസൻസിമാരുടെ ഇൻവെന്ററിയിൽ ലഭ്യമായതുമായ പോളികോം, സിസ്കോ പോലുള്ള എല്ലാ ഹൈ-എൻഡ് ഉപകരണങ്ങളെയും ഈ സാങ്കേതികവിദ്യ പിന്തുണയ്ക്കുന്നു.

- **മീറ്റിംഗുകളെക്കുറിച്ചുള്ള വിപുലമായ വിശകലനങ്ങളും റിപ്പോർട്ടുകളും:-** ഈ പ്ലാറ്റ്ഫോമിൽ നടക്കുന്ന മീറ്റിംഗുകളുടെ സ്വഭാവത്തെക്കുറിച്ചുള്ള സമഗ്രമായ വിവരങ്ങൾ ലഭിക്കും.

- **സാഹചര്യങ്ങൾക്ക് അനുയോജ്യമായ കുറഞ്ഞ ബാൻഡ്‌വിഡ്ത്ത്:-** കുറഞ്ഞ ബാൻഡ്‌വിഡ്ത്ത് ഉള്ള സാഹചര്യങ്ങളിലും വീഡിയോ കോൺഫറൻസുകൾ നടത്താൻ Vconsol-ന്റെ Multiple Control Unit (MCU) അടിസ്ഥാനമാക്കിയുള്ള സാങ്കേതികവിദ്യ സഹായിക്കുന്നു.

- **നിലവിലുള്ള ഇ-ഗവേണൻസ് ഇൻഫ്രാസ്ട്രക്ചറുമായുള്ള സംയോജനം:-** നിലവിലുള്ള ഇ-ഗവേണൻസ് ഇൻഫ്രാസ്ട്രക്ചറുമായി എളുപ്പത്തിൽ കൂട്ടിച്ചേർക്കാവുന്നതും സുഗമവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾ സാധ്യമാക്കുകയും ചെയ്യും.

5. കേരള സർക്കാരിന്റെ ഔദ്യോഗിക വീഡിയോ കോൺഫറൻസിംഗ് പ്ലാറ്റ്ഫോമായി VConsol സ്വീകരിക്കുന്നതിന് M/s Techgentsia മുന്നോട്ട് വെച്ച വ്യവസ്ഥകൾ ഇനിപ്പറയുന്നവയാണ്:

- സാങ്കേതിക പിന്തുണയും പരിപാലനവും, സോഫ്റ്റ്‌വെയർ അപ്ഡേറ്റുകൾ, ഗവൺമെന്റിനുള്ള അൺലിമിറ്റഡ് ലൈസൻസ് ഓപ്ഷനുകൾ എന്നിവയ്ക്കായി ടെക്നോളജി ദാതാവിന്റെ നിയമപരമായ ബാധ്യത M/s Techgentsia സോഫ്റ്റ്‌വെയർ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് നിലനിർത്തും

- സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ആവശ്യകതകൾ

നിറവേറ്റുന്നതിനായി ക്ലോസ്ഡ് വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിനായി M/s Techgentsia സാങ്കേതിക പ്ലാറ്റ്ഫോം നൽകുന്നതാണ്.

- കാബിനറ്റ് മീറ്റിംഗ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മീറ്റിംഗുകൾ എന്നിവയ്ക്ക് മാത്രമായി പ്രത്യേക സെർവറുകൾ.
- കേരള സർക്കാരിന്റെ മാത്രം ഉടമസ്ഥതയിൽ M/s Techgentsia ഉൽപ്പന്ന അവകാശ സുരക്ഷിതത്വം നല്കുന്നതും സുരക്ഷിതമാക്കുന്നതുമാണ്.
- കേരള സർക്കാരിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശപ്രകാരം Vconsol-ന്റെ അൺലിമിറ്റഡ് ലൈസൻസുകൾ M/s Techgentsia നൽകുന്നതും ഉൽപ്പന്നത്തെ സംസ്ഥാനത്തിന് അനുയോജ്യമായ രൂപത്തിലാക്കുകയും വൈറ്റ് ലേബൽ ചെയ്യുകയും ചെയ്യും.
- സംസ്ഥാനത്തിന്റെ ഉടമസ്ഥതയിലുള്ള വീഡിയോ കോൺഫറൻസിംഗ് പ്ലാറ്റ്ഫോമിനായി, മലയാളം ഡിഫോൾട്ട് ഭാഷയായി ഉപയോഗിക്കാവുന്ന KeralaVC അല്ലെങ്കിൽ ഡൊമൈൻ നാമത്തിലുള്ള ഏതെങ്കിലും ഒരു പേരിൽ Vconsol-നെ ബ്രാൻഡ് ചെയ്യുന്നത് സംസ്ഥാന സർക്കാരിന് തീരുമാനിക്കാം.
- കേരളവിസിയിൽ അല്ലെങ്കിൽ ഏതു ഡൊമൈൻ നാമത്തിലാണോ ബ്രാൻഡ് ചെയ്യുന്നത് അതിൽ മീറ്റിംഗുകൾ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എല്ലാ വകുപ്പുകളിലും സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ആയതിന്റെ ഉപയോഗം കേരള സർക്കാർ നിർബന്ധമാക്കാവുന്നതാണ്.
- സോഫ്റ്റ്‌വെയറിന് അനുയോജ്യമായ ഹാർഡ്‌വെയർ ഇൻഫ്രാസ്ട്രക്ചർ, ക്ലൗഡ് അല്ലെങ്കിൽ ഡാറ്റാസെന്റർ, മറ്റ് ഹാർഡ്‌വെയർ ഇൻഫ്രാസ്ട്രക്ചർ എന്നിവ ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളുടെയും നേരിട്ടുള്ള സേവന ദാതാവ് ഇലക്ട്രോണിക്സ് & ഐടി വകുപ്പ് ആണ്. അടിസ്ഥാന സൗകര്യങ്ങളുടെ ചെലവും കേരള സർക്കാരാണ് വഹിക്കേണ്ടത്.
- സംസ്ഥാന ഗവൺമെന്റിന്റെ അനുവദനീയമായ ഉപയോക്തൃ ഏജൻസികളിൽ നിന്നുള്ള അഭ്യർത്ഥന പ്രകാരം അക്കൗണ്ട് സൃഷ്ടിക്കലും പരിപാലനവും ചെയ്യുന്നതാണ്.
- കേരളവിസി പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കേരള സ്റ്റേറ്റ് ഐടി മിഷനെ നിയോഗിക്കുന്നതാണ്.

6. VConsol ലൈസൻസുകൾ ഇപ്പോൾ GeM പോർട്ടൽ മുഖേന വാങ്ങാൻ സാധിക്കും. വാണിജ്യാടിസ്ഥാനത്തിൽ VConsol പ്ലാറ്റ്ഫോം വാങ്ങുകയാണെങ്കിൽ 10,000 ഉപയോക്താക്കൾക്ക് ഒറ്റത്തവണ ലൈസൻസിനായി ഏകദേശം 42 കോടി രൂപയോളം സർക്കാരിന് ചെലവ് വരും. സംസ്ഥാന സർക്കാരിന് ശാശ്വത (perpetual) ലൈസൻസ് നൽകുന്നതിനായി M/s Techgentsia ആവശ്യപ്പെടുന്ന പ്രതിഫലം, അവരുടെ ഉപയോഗത്തിനായി 15000 ചതുരശ്ര അടി വാടകരഹിത പ്രവർത്തന സ്ഥലം നൽകുക എന്നതാണ് (കൊച്ചിയിലെയും ചേർത്തലയിലെയും ഇൻഫോ

പാർക്കിൽ 7500 ചതുരശ്ര അടി വീതം). ഇൻഫോ പാർക്കിനുള്ള വാർഷിക വാടകയുടെ ചെലവ് (വാർഷിക വാടകയായി 79,81,200 രൂപ) കേരള സർക്കാർ നൽകും. ഈ സ്ഥലങ്ങളുടെ നിലവിലുള്ള വാടക നിരക്ക് ഇപ്രകാരമാണ്:

i. കൊച്ചി ഇൻഫോ പാർക്ക് ഫേസ് II-ൽ 7500 ചതുരശ്ര അടി സ്ഥലത്തിന് -ഭാഗീകമായി സജ്ജീകരിച്ചത് - 39,60,000/- രൂപ (വാർഷികം)

ii. ചേർത്തല ഇൻഫോ പാർക്കിൽ 7500 ചതുരശ്ര അടി സ്ഥലത്തിന് -പൂർണ്ണമായി സജ്ജീകരിച്ചത് - 40,21,200/-(വാർഷികം)

ആകെ - 79,81,200/- രൂപ (വാർഷികം)

VConsol-ന്റെ ചെലവ് വിലയിരുത്തൽ

| | |
|---|---|
| 1000 സജീവ ഉപയോക്താക്കൾക്ക് GeM-ൽ ചെലവ് | 4.2 കോടി രൂപ |
| 1000 സജീവ ഉപയോക്താക്കൾക്കുള്ള എൻഐസിയുടെ ചെലവ് | 4.2 കോടി രൂപ |
| 5000 സജീവ ഉപയോക്താക്കൾക്കായി GeM-ൽ ചെലവ് | 21.00 കോടി രൂപ |
| 10000 സമകാലിക സജീവ ഉപയോക്താക്കൾക്കുള്ള കേരള സർക്കാരിന്റെ ചെലവ് | 79,81,200/- 5 വർഷം വരെ പ്രതിവർഷം 5% വർദ്ധനവ്. (കൊച്ചി ഇൻഫോപാർക്കിൽ 39.6 ലക്ഷം രൂപയും ചേർത്തല ഇൻഫോപാർക്കിൽ 40.21 ലക്ഷം രൂപയും) |

7. M/s Techgentsia യുടെ പ്രൊപ്പോസലിന്റെ സാങ്കേതികവും സാമ്പത്തികവുമായ സാധ്യതകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഈ വിഷയം പരിശോധിക്കുന്നതിനായി ഒരു സമിതി രൂപീകരിക്കാനും മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് വിശദമായ റിപ്പോർട്ട് പ്രസ്തുത സമിതി ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവിട്ടു.

8. 08.12.2021 ലെ സ.ഉ. (സാധാ) നം.188/2021/വി.സാ.വ. പ്രകാരം, അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) ചെയർമാനും പ്രിൻസിപ്പൽ സെക്രട്ടറി (ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വകുപ്പ്), പ്രിൻസിപ്പൽ സെക്രട്ടറി (പൊതുഭരണം), ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ എന്നിവർ അംഗങ്ങളും, കേരള സ്റ്റേറ്റ് ഐടി മിഷൻ ഡയറക്ടർ കൺവീനറും ആയ ഒരു കമ്മിറ്റി രൂപീകരിച്ചു. M/s Techgentsia യുടെ പ്രൊപ്പോസലിലെ സാമ്പത്തികവും സാങ്കേതികവുമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 22.01.2022 ന് പ്രസ്തുത കമ്മിറ്റിയുടെ യോഗം ചേർന്നു. യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

i) VConsol വീഡിയോ കോൺഫറൻസ് പ്ലാറ്റ്ഫോം വാങ്ങുന്ന നിർദ്ദേശം സാമ്പത്തികമായും സാങ്കേതികമായും പ്രയോജനകരമാണ്.

ii) M/s Techgentsia യുടെ VConsol വീഡിയോ കോൺഫറൻസ് പ്ലാറ്റ്ഫോം വാങ്ങാവുന്നതാണ്.

iii) ഹാർഡ്‌വെയറിന്റെയും സ്റ്റോറേജിന്റെയും അധിക ചിലവ് - ക്ലൗഡ് അല്ലെങ്കിൽ ഫിസിക്കൽ സംസ്ഥാന സർക്കാർ വഹിക്കണം.

9. കേരള സർക്കാർ Vconsol വീഡിയോ കോൺഫറൻസ് പ്ലാറ്റ്ഫോം 79,81,200/- രൂപയ്ക്ക് 5 വർഷത്തെ പ്രാരംഭ കാലയളവിലേക്ക് പ്രതിവർഷം 5% വർദ്ധനയോടെ വാങ്ങുകയാണെങ്കിൽ, സർക്കാരിന്റെ സാമ്പത്തിക ബാധ്യത താഴെപ്പറയുന്ന രീതിയിലായിരിക്കും:

| പ്രതിവർഷം | ചെലവ് (രൂപയിൽ) |
|---|---|
| ഒന്നാം വർഷം | 79,81,200/- |
| രണ്ടാം വർഷം | 83,80,260/- |
| മൂന്നാം വർഷം | 87,99,273/- |
| നാലാം വർഷം | 92,39,237/- |
| അഞ്ചാം വർഷം | 97,01,198/- |
| 5 വർഷത്തെ ആകെ ചെലവ് | **4,41,01,168/-** |

10. ഒരേസമയം 10,000 ഉപയോക്താക്കൾക്ക് ഉപയോഗിക്കാൻ കഴിയുന്ന VConsol പ്ലാറ്റ്ഫോം കേരള സർക്കാർ GeM പോർട്ടലിലൂടെ വാങ്ങുകയാണെങ്കിൽ അതിന്റെ യഥാർത്ഥ ചെലവ് 42 കോടി രൂപയോളം വരും. Vconsol സംസ്ഥാനത്ത് നടപ്പിലാക്കുകയാണെങ്കിൽ ഒരേസമയം ഉപയോഗിക്കുന്ന ഉപയോക്താക്കൾ എളുപ്പത്തിൽ 1000 കടക്കും എന്നതാണ് മറ്റൊരു പ്രധാന കാര്യം. 5000 കൺകറന്റ് ഉപയോക്താക്കളെ പരിഗണിച്ചാൽ പോലും 21 കോടി രൂപയോളം ചെലവ് വരും. VConsol ന്റെ ഉപയോഗം 5 വർഷത്തേക്ക് മാത്രമായി പരിമിതപ്പെടുത്താവുന്നതും 5 വർഷത്തിന് ശേഷം ഉപയോക്താക്കളുടെ എണ്ണവും തയ്യാറാക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങളുടെ ചെലവും, ഭാവിയിൽ സാങ്കേതികവിദ്യയിൽ ഉണ്ടാകാനിടയുള്ള മാറ്റവും കണക്കിലെടുത്ത് തുടർന്നുള്ള ഉപയോഗം സംബന്ധിച്ച് തീരുമാനമെടുക്കാവുന്നതുമാണ്. Vconsol ന്റെ വാണിജ്യ വ്യവസ്ഥകളിൽ 5 വർഷത്തിന് ശേഷം മൊത്തം ചെലവിൽ 10% വർദ്ധനവ് വരുമെന്നത് ഒരു നിബന്ധനയാണ്. (NIC ഡൽഹി തയ്യാറാക്കിയ വ്യവസ്ഥ പ്രകാരം). പ്രവർത്തന കാലയളവ് 5 വർഷമായതിനാൽ കേരള സർക്കാരിന് ഈ വ്യവസ്ഥ ബാധകമല്ല.

11. VConsol പ്ലാറ്റ്ഫോം കേരളത്തിൽ നടപ്പാക്കലാക്കുന്നതിനായി തയ്യാറാക്കിയിരിക്കുന്ന പദ്ധതി ഇപ്രകാരമാണ്:

1. VConsol പ്ലാറ്റ്ഫോം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള സേവന ദാതാവ് കേരള സ്റ്റേറ്റ് ഐ ടി മിഷനായിരിക്കും.

2. VConsol ലൈസൻസുകൾക്കായി ടെക്ജെൻഷ്യയുമായി കേരള സ്റ്റേറ്റ് ഐടി മിഷൻ ഒരു കരാർ ഒപ്പിടുക.

3. M/s Techgentsia യ്ക്ക് വാടകയ്ക്ക് സ്ഥലം നൽകുന്നതുമായി ബന്ധപ്പെട്ട് M/s Techgentsia യുമായും കേരള സ്റ്റേറ്റ് ഐടി മിഷനുമായും ഇൻഫോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ത്രികക്ഷി കരാറിലേർപ്പെടുക.

12. ധനകാര്യ വകുപ്പ് മേൽപ്പറഞ്ഞ പ്രൊപ്പോസലിൽ സമ്മതം അറിയിച്ചിട്ടുണ്ട്.

13. ഈ സാഹചര്യത്തിൽ ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുവടെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.

**തീരുമാനിക്കേണ്ട വിഷയങ്ങൾ**

1. M/s Techgentsia യുടെ Vconsol എന്ന വീഡിയോ കോൺഫറൻസ് പ്ലാറ്റ്ഫോമിന്റെ 10000 കൺകറന്റ് ഉപയോക്താക്കൾക്ക് ഉപയോഗിക്കാവുന്ന ലൈസൻസ് 5 വർഷത്തേക്ക് വാങ്ങുന്നതിനും ലൈസൻസ് ഫീസിന് പകരമായി M/s Techgentsia യുടെ ഉപയോഗത്തിനായി കൊച്ചി ഇൻഫോപാർക്കിൽ നിന്നും 7500 Sq:ft ഉം (ഭാഗീകമായി സജ്ജീകരിച്ചത്) ചേർത്തല ഇൻഫോപാർക്കിൽ നിന്നും 7500 Sq:ft ഉം (പൂർണ്ണമായി സജ്ജീകരിച്ചത്) ഉൾപ്പെടെ 15000 Sq:ft സ്ഥലം വാടകരഹിതമായി അനുവദിച്ച നല്കുകയും ചെയ്യാമോ?

2. ഓരോ വർഷവും 5% വർദ്ധനവോടെ ഇൻഫോപാർക്കിന് വാടകച്ചെലവായി പ്രതിവർഷം 79,81,200/- രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷനിൽ ലഭ്യമായ ഫണ്ടിൽ നിന്നും ചെലവഴിക്കാമോ?

3. VConsol പ്ലാറ്റ്ഫോം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള സേവന ദാതാവായി കേരള സ്റ്റേറ്റ് ഐ ടി മിഷനെ ചുമതലപ്പെടുത്താമോ?

4. VConsol പ്ലാറ്റ്ഫോം വാങ്ങുന്നതിനും സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുമായി M/s Techgentsia യുമായി ഒരു കരാർ ഒപ്പിടുന്നതിന് കേരള സ്റ്റേറ്റ് ഐടി മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്താമോ?

5. M/s Techgentsia യ്ക്ക് 15000 Sq:ft സ്ഥലം നൽകുന്നതുമായി ബന്ധപ്പെട്ട് M/s Techgentsia യുമായും കേരള സ്റ്റേറ്റ് ഐടി മിഷനുമായും ത്രികക്ഷി കരാറിലേർപ്പെടുന്നതിന് ഇൻഫോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്താമോ?